# ചാരായവുമായ് പിടിയിൽ

നാടൻ വാറ്റ ചാരായവുമായ് രണ്ടു പേരെ അയ്യംമ്പുഴ പോലീസ് അറസ്റ്റ് ചെയ്തു.അയ്യംമ്പുഴ മഞ്ഞനപാടം ഭാഗത്തു വച്ചാണ് പോലീസ് ചാരായം പിടികൂടിയത്.

മഞ്ഞപ്ര എലവന്തി ഭാഗത്ത് മംഗലത്ത് വീട്ടിൽമോഹനൻ മകൻ പ്രശാന്ത്(38) ചേരാനല്ലൂർ സ്വദേശി വടേക്കാടൻ വീട്ടിൽ കുട്ടപ്പൻ മകൻ ജിനേഷ് ( 29)എന്നിവരാണ് പോലീസ് റെയ്ഡിൽ അറസ്റ്റിലായത്.

പിടികൂടിയ ചാരായം വിൽപനക്കായാ കൈവശം വച്ചിരുന്നതാണെന്ന് അറിവായതായും ചാരായത്തിൻെറ ഉറവിടത്തെകുറിച്ച് സൂചനകൾ ലഭിച്ചിട്ടുണ്ടെന്നും കേസിൽ ഇനിയും പ്രതികളെ പിടികൂടാനുണ്ടെന്നും കാലടി പോലീസ് സർക്കിൾ ഇൻസ്പെക്ടർ അറിയിച്ചു.

എറണാകുളം റൂറൽ ജില്ല പോലീസ് മേധാവി ശ്രീ എ.വി ജോർജ് ഐ പി എസ് അവർകളുടെ നിർദ്ദേശപ്രകാരം മദ്യത്തിനും മയക്കുമരുന്നിനുമെതിരായ സ്പെഷ്യൽ റെയ്ഡിൽ പെരുമ്പാവൂർഡപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.ജി വേണുവിൻെറ നേതൃത്ത്വത്തിൽ കാലടി പോലീസ് സർക്കിൾ ഇൻസ്പെക്ടർ സജി മാർക്കോസും എസ്.ഐഹാപ്പിയും സംഘവുമാണ് പ്രതികളെ പിടികൂടിയത്.

പിടികൂടിയ പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.കഴിഞ്ഞ ദിവസം വിദ്യാർത്ഥികൾക്കിടയിൽ വിതരണം ചെയ്യാൻ കൊണ്ടുവന്ന കഞ്ചാവ് മഞ്ഞപ്ര ഭാഗത്ത് നിന്ന് പിടികൂടിയതിന് ശേഷം പോലീസ് നടത്തിവരുന്ന റെയ്ഡുകളുടെ തുടർച്ചയായാണ് ചാരായം പിടികൂടിയത്.